പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4016 — 21/06/2019 ൽ മറുപടിക്ക്

<u>ദേവസ്വം ബോർഡുകളുടെ പണമിടപാടുകൾ</u>

ചോദ്യം — മറുപടി

**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്**

കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ദേവസ്വം ബോർഡുകളിലെ പണമിടപാടുകൾ സർക്കാർ അംഗീകരിച്ച ബാങ്കുകൾ മുഖേന മാത്രമേ നടത്താവൂ എന്ന നിർദ്ദേശം ബോർഡുകൾ പാലിക്കാറുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പിടിക്കുന്ന വിഹിതവും മറ്റ് നിക്ഷേപങ്ങളും ഏത് തരത്തിലുള്ള ബാങ്ക് നിക്ഷേപങ്ങളിലാണ് നിക്ഷേപിക്കുന്നത്; | (ബി) | അതാത് ദേവസ്വം നിയമങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള തരത്തിലുള്ള ബാങ്കുകളിൽ മാത്രമേ നിക്ഷേപങ്ങൾ നടത്തുന്നുള്ളൂ. |
| (സി) | അമിതമായ ലാഭവിഹിതവും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കുമെന്ന് അവകാശപ്പെടുന്ന മ്യൂച്വൽ ഫണ്ട് നിക്ഷേപങ്ങളിൽ നിക്ഷേപിച്ച കാര്യം പരിശോധിക്കുമോ; എങ്കിൽ നടപടി സ്വീകരിക്കുമോ; | (സി) | ദേവസ്വം ബോർഡുകൾ മ്യൂച്വൽ ഫണ്ടുകളിൽ പണം നിക്ഷേപിച്ചിട്ടില്ല. |
| (ഡി) | ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങളും മറ്റ് ആനുകൂല്യങ്ങളും സമയബന്ധിതമായി നൽകുന്നില്ലെന്ന കാര്യം പരിശോധിക്കുമോ; എങ്കിൽ നടപടി സ്വീകരിക്കുമോ; | (ഡി) | ദേവസ്വം ബോർഡുകളുടെ സാമ്പത്തിക സ്ഥിതിയ്ക്കനുസരിച്ച് പെൻഷൻകാരുടെ ആനുകൂല്യങ്ങൾ സമയ ബന്ധിതമായി നൽകി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാരുടെ പി.എഫ് വിഹിതം ഉൾപ്പെടെയുള്ള തുക ധനലക്ഷ്മി ബാങ്കിന്റെ ബോണ്ടിൽ നിക്ഷേപിച്ച കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ നടപടികൾ അറിയിക്കുമോ? | (ഇ) | ഉണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ആനുകൂല്യങ്ങൾ, നിക്ഷേപം തുടങ്ങിയവ സംബന്ധിച്ച് ബോർഡാണ് ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടത്. ധനലക്ഷ്മി ബാങ്കിന്റെ ബോണ്ടിൽ നിക്ഷേപിച്ചതിലൂടെ അധിക സാമ്പത്തിക ലാഭം ലഭിക്കുന്നുണ്ടെന്നാണ് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ